മിഷൻ 676-തലശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

404 (1462) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയിൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഏറ്റെടുത്ത ഓരോ പ്രവർത്തിക്കുമായി എത്ര തുക നീക്കിവച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ;

(സി) ഏറ്റെടുത്ത ഓരോ പ്രവർത്തിയും ഏത് ഘട്ടത്തിലാണ് എന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയിൽ സ്പീഡ് കേരളയിൽ ഉൾപ്പെടുത്തി തലശ്ശേരി - മാഹി ബൈപ്പാസിന്റെയും കെ.എസ്.ടി.പി. II പദ്ധതിയിൽ ഉൾപ്പെട്ട തലശ്ശേരി-വളവുപാറ റോഡിന്റെ തലശ്ശേരി മണ്ഡലത്തിൽക്കൂടി കടന്നു പോകുന്ന തലശ്ശേരി മുതൽ വൈറ്റമേൽ പള്ളിവരെയുള്ള 7.57 കിലോമീറ്റർ ഉൾപ്പെടെയുള്ള റോഡിന്റെയും നിർമ്മാണ പ്രവൃത്തികളാണ് തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ളത്.

(ബി) തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണത്തിന് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 54 കിലോമീറ്റർ ദൈർഘ്യമുള്ള തലശ്ശേരി-വളവുപാറ റോഡ് നിർമ്മാണ പ്രവൃത്തി 234.99 കോടി രൂപയ്ക്കാണ് കരാർ നൽകിയിരിക്കുന്നത്. നിർമ്മാണം പുരോഗമിക്കുന്നു. ഈ പ്രവൃത്തിക്ക് ഇതുവരെ 18.23 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണത്തിനായി ദേശീയപാത 17-ൽ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കിലോമീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണത്തിനായി 300.63 കോടി രൂപയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. 28-12-2015-ന് ഇതിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly